# കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് – ചാവക്കാട് നഗരസഭ – അറവുശാല വിപുലീകരണം – ഗുരുവായൂർ വില്ലേജിലെ സർവ്വേ നമ്പർ 201/2-ൽപ്പെട്ട 4.87 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 768/2009/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, മാർച്ച് 26, 2009.

---

പരാമർശം: 1. ചാവക്കാട് നരസഭാ കൗൺസിലിന്റെ 21-02-2007-ലെ 11-ാം നമ്പർ തീരുമാനം.

2. ചാവക്കാട് നഗരസഭാ ചെയർമാന്റെ 18-02-2009-ലെ ഇ1. 3079/07 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ചാവക്കാട് നഗരസഭയുടെ പരാമർശം (1)-ലെ തീരുമാനത്തിന്റേയും പരാമർശം(2)-ലെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ, അറവുശാല വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനുമായി ചാവക്കാട് താലൂക്കിൽ ഗുരുവായൂർ വില്ലേജിൽ സർവ്വേ നമ്പർ 201/2-ൽപ്പെട്ടതും കൊട്ടാരത്തിൽ ശ്രീ.അബ്ദുൽ ഗനി ഭാര്യ ജമീല എന്നയാളുടെ പേരിലുള്ളതുമായ 4.87 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിന് ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയോ വ്യവഹാരങ്ങളിൽ ബാധ്യതയോ ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ചാവക്കാട് നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.അനിൽകുമാർ,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി, ചാവക്കാട് നഗരസഭ, തൃശ്ശൂർ.

ജില്ലാ കളക്ടർ, തൃശ്ശൂർ.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.